

ഖുത്ബ ●

ഡോ. ഹുസൈൻ മടവൂർ

# സമ്പൂർണ സമർപ്പണമാണ് ഇസ്‌ലാം

**മനുഷ്യരുടെ** നന്മക്കും സമസ്ത പുരോഗതിക്കുമായി അല്ലാഹു നൽകിയ നിയമങ്ങളുടെ പേരാണ് ഇസ്‌ലാം. മനുഷ്യർ അല്ലാഹുവിന്റെ കൽപനകളനുസരിച്ച് ജീവിക്കാൻ ബാധ്യസ്ഥരാണ്. പ്രസ്തുത അനുസരണ മാർഗത്തിനാണ് ഇസ്‌ലാം എന്നു പറയുന്നത്.

ഇസ്‌ലാമിക കാലഘട്ടം എന്നത് മുഹമ്മദ് നബി(സ) മുതൽക്കുള്ള കാലമാണെന്നത് ചരിത്രത്തിന്റെ അബദ്ധങ്ങളിലൊന്നാണ്. ആദ്യ മനുഷ്യൻ ആദ(അ)മിന് തന്നെ അല്ലാഹു ദിവ്യസന്ദേശം നൽകിയിട്ടുണ്ടായിരുന്നു. അതനുസരിച്ച് ജീവിച്ചാൽ രക്ഷപ്പെടുമെന്നും ദുഃഖവും ഭയവുമില്ലാത്ത ജീവിതം നയിക്കാമെന്നുമാണ് അല്ലാഹു അദ്ദേഹത്തിന് നൽകിയ നിർദേശം.

എല്ലാ പ്രവാചകന്മാരുടെയും ആദർശവും മതവും ഇസ്‌ലാമാണെന്ന് ഖുർആൻ വ്യക്തമാക്കുന്നു. “നീ അനുസരിക്കുക, മുസ്‌ലിമാകുക” എന്ന് അല്ലാഹു പറഞ്ഞപ്പോൾ ഇബ്‌റാഹീമിന്റെ മറുപടി “ഞാൻ ലോകരക്ഷിതാവായ അല്ലാഹുവിന് ഇസ്‌ലാമായിരിക്കുന്നു, അനുസരണം കാണിച്ചിരിക്കുന്നു” എന്നായിരുന്നു. നാഥാ, ഞങ്ങൾ രണ്ട് പേരെയും നിന്നെ അനുസരിക്കുന്നവരാക്കുകയും ഞങ്ങളുടെ സന്തതികളിൽ മുസ്‌ലിംകളായ സമൂഹത്തെ ഉണ്ടാക്കുകയും ചെയ്യേണമേ എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രാർഥന.

ഇസ്‌ലാം എന്നതിനെ മുഹമ്മദ് നബിയുടെ മതം എന്ന അർഥത്തിലേക്ക് ചുരുക്കിയതോടുകൂടി അതൊരു സമുദായം മാത്രമായി. സമുദായങ്ങൾ തമ്മിൽ സംഘർഷങ്ങളും പ്രശ്നങ്ങളും ഉണ്ടാകുമ്പോൾ, മുസ്‌ലിംകളും അതിലൊരു സാമുദായമായി ചുരുങ്ങിപ്പോവുകയാണ് ചെയ്യുന്നത്. സാമുദായികത ഇസ്‌ലാമിന്റെ സമീപനമല്ല. ഖുർആൻ പറയുന്നു: “പ്രവാചകന്മാർക്കിടയിൽ നാം വേർതിരിവ് കൽപിക്കുന്നില്ല.” അഥവാ മുൻ കഴിഞ്ഞ എല്ലാ പ്രവാചകന്മാരുടെയും മതവും ആദർശവും ഒന്നായിരുന്നു. അതിനാൽ അവർക്കിടയിൽ യാതൊരു വേർതിരിവും കാണിക്കാനാകില്ലെന്നാണ് അല്ലാഹു ഉണർത്തുന്നത്. മാത്രമല്ല മുൻകഴിഞ്ഞ വേദഗ്രന്ഥങ്ങളായ തൗറാത്തിനെയും ഇഞ്ചീലിനെയും സത്യപ്പെടുത്തികൊണ്ടാണ് ഖുർആൻ അവതരിച്ചതെന്നും അല്ലാഹു പറയുന്നുണ്ട്.

ഇസ്‌ലാം സാമുദായികതക്കതീതമായി, മനുഷ്യസമൂഹത്തെ ഒന്നിച്ചുകാണുന്ന ഒരാദർശം എന്ന നിലക്കാണ് പ്രസക്തമാകുന്നത്. വർഗം, ജാതി, ഭാഷ എന്നതിനപ്പുറം മനുഷ്യർ എന്ന നിലക്ക് നന്മയും സമാധാനവും നിലനിൽക്കുന്ന, നിർഭയത്വമുള്ള ജീവിതത്തിനായി അല്ലാഹു നൽകിയ നിയമമാണ് ഇസ്‌ലാം. അത് മുഹമ്മദ് നബി(സ)യിലൂടെ പൂർത്തിയാവുകയും പ്രസ്തുത സന്ദേശത്തിന്റെ അവസാന പതിപ്പായ ഖുർആൻ നമുക്ക് ലഭിക്കുകയും ചെയ്തിരിക്കുന്നു.

ഖുർആൻ നബി(സ)യുടെ ദൗത്യത്തെക്കുറിച്ച് പറഞ്ഞു: “അവരോട് നല്ല കാര്യങ്ങൾ കൽപിക്കുകയും ചീത്തകാര്യങ്ങൾ വിരോധിക്കുകയും ചെയ്യുക. അവർക്ക് നല്ല കാര്യങ്ങളെ അനുവദിച്ച് കൊടുക്കുകയും മ്ലേഛമായ കാര്യങ്ങളെ വിരോധിക്കുകയും ചെയ്യുക. അവരിലുള്ള ഭാരം ഇറക്കിവെക്കുക. അവരിലുള്ള ചങ്ങലകൾ നീക്കുക.” ആറ് കാര്യങ്ങളാണ് ഇവിടെ പ്രവാചക ദൗത്യമായി പറയുന്നത്. അല്ലാഹു വിരോധിച്ചതെല്ലാം മനുഷ്യന് ആവശ്യമില്ലാത്തതും മ്ലേഛവുമാണ്. കൽപിച്ചതെല്ലാം അവന് ആവശ്യമുള്ളതും നല്ലതുമാണ്. ഭാരങ്ങൾ ഇറക്കിവെക്കലും ജീവിതം ദുസ്സഹമാക്കുന്ന ചങ്ങലക്കെട്ടുകൾ അറുത്ത് മാറ്റലും പ്രവാചക ദൗത്യമായി ഖുർആൻ പറയുന്നു. ഇതിലപ്പുറം പിന്നെന്ത് വേണം ഒരാദർശത്തിന്റെ മഹിമക്ക്?

മതമെന്നോ റിലീജ്യനെന്നോ മദ്ഹബെന്നോ പറയുന്നതിനെക്കാളും വിശാലമായ അർഥം ‘ദീനുൽ ഇസ്‌ലാം’ എന്ന പ്രയോഗത്തിലുണ്ട്. സാധാരണ മതം എന്ന സങ്കൽപത്തിൽ ദൈവവും മനുഷ്യനും തമ്മിലുള്ള ചില പ്രാർഥനകളും പൂജകളും കർമങ്ങളും മാത്രമാണ് ഉണ്ടാവുക. സാമ്പത്തിക രംഗവും കുടുംബ ജീവിതവും എങ്ങനെയാ

യാലും അവന്റെ സ്വഭാവമെങ്ങനെയായാലും 'മതനിഷ്ഠയുള്ളവൻ' എന്ന് പറയാൻ ചില പൂജകളും ആരാധനാ കർമങ്ങളും മാത്രം മതി. ഈ അർഥത്തിലല്ല ഇസ്‌ലാം, ദീൻ എന്നുപയോഗിച്ചത്. അത് മനുഷ്യൻ ജീവിതത്തിൽ എന്ത് ചെയ്യണം, ചെയ്യരുത് എന്ന് നിശ്ചയിക്കുന്ന കൃത്യമായ ഒരാശയത്തെയാണ് സൂചിപ്പിക്കുന്നത്. കൃത്യമായ ഒരു പരിഭാഷ മലയാളത്തിൽ അതിന് പറയാൻ സാധ്യമല്ല. ദീനിലേക്ക് നിന്നെ സമ്പൂർണമായി തിരിച്ചുവെക്കുക എന്ന് അല്ലാഹു പറയുന്നുണ്ട്. ശേഷം പറഞ്ഞു: "ആ ദീൻ അല്ലാഹുവിന്റെ പ്രകൃതിയാണ്. മനുഷ്യനെ അല്ലാഹു സൃഷ്ടിച്ച പ്രകൃതി. അല്ലാഹുവിന്റെ സൃഷ്ടിപ്പിൽ ഒരു മാറ്റമില്ല. അതാണ് നിലനിൽക്കുന്ന ദീൻ (അദ്ദീനുൽ ഖയ്യിം) പക്ഷെ അധികമാളുകളും അതറിയുന്നില്ല." ഈ ദീനിൽ മാത്രമാണ് നിലനിൽപ്പുള്ളത്. അതുകൊണ്ട് തന്നെ ഇതിൽ നിലനിൽക്കുന്നവർക്ക് ആത്മാഭിമാനം ഉണ്ടാവേണ്ടതുമാണ്.

അല്ലാഹു പറയുന്നു: "അല്ലാഹുവിനും അവന്റെ ദൂതനും സത്യവിശ്വാസികൾക്കുമാണ് പ്രതാപം (ഇസ്സത്ത്). പക്ഷെ കപടവിശ്വാസികൾ അക്കാര്യമറിയില്ല." ഇസ്സത്തോടെ ജീവിക്കുമ്പോഴാണ് മുസ്‌ലിംകൾക്ക് ആത്മവിശ്വാസമുണ്ടാവുന്നത്. അങ്ങനെയൊരു ബോധവും അറിവുമില്ലെങ്കിൽ അവർ ദുർബലരാവും. വിശ്വാസരംഗം ദുർബലമായാൽ ജീവിത രംഗവും ദുർബലമാവും.

എത്ര ചെറിയ കാര്യമായാലും ആദർശത്തെക്കുറിച്ച ഔന്നത്യബോധം ഉൾക്കൊള്ളുകയെന്നത് ഏറെ പ്രാധാന്യമർഹിക്കുന്നു. അല്ലാഹുവിലേക്ക് ക്ഷണിക്കുകയും സൽകർമമനുഷ്ഠിക്കുകയും ഞാൻ മുസ്‌ലിംകളിൽ പെട്ടവനാണെന്ന് പറയുകയും ചെയ്തവനാണ് ഏറ്റവും നല്ല വാക്ക് പറഞ്ഞവൻ എന്ന് ഖുർആൻ പറയുന്നു. നിശ്ചയം ഈ ഖുർആൻ ഏറ്റവും നേർക്കുനേരെയുള്ള മാർഗദർശനമാണ് നൽകുന്നത്. ഇസ്‌ലാമിന്റെ സമഗ്രതയും കാലിക പ്രസക്തിയും തന്നെ ദീനിനോട് ഏറ്റവും മതിപ്പും ബഹുമാനവുമുണ്ടാവാൻ മതിയായതാണ്. ആ നിലക്ക് ദീനിനെ മനസ്സിലാക്കുകയും ഉൾക്കൊള്ളുകയും ഞാൻ മുസ്‌ലിംകളിൽ പെട്ടവനാണെന്ന് അഭിമാനബോധത്തോടെ പറയാൻ സാധിക്കുകയും ചെയ്യുന്ന വിധത്തിൽ ആദർശബോധം ഉൾക്കൊള്ളാൻ നാം ശ്രമിക്കണം. അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ.

(കോഴിക്കോട് പാളയം മുഹ്‌യിദ്ദീൻ പള്ളിയിൽ 14.05.2010ന് നടത്തിയ ഖുത്ബ)

സംഗ്രഹം തയാറാക്കിയത്: **കെ. സുഹൈറലി**